പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3490 — 25.06.2012 ൽ മറുപടിക്ക്

## കടലിലെ കൊല - ഇറ്റാലിയൻ സർക്കാരിന്റെ കരാർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. സുരേഷ് കുറുപ്പ്: | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) കടലിൽ കൊല ചെയ്യപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങളുമായി ഇറ്റാലിയൻ സർക്കാർ ഉണ്ടാക്കിയ കരാറിനെതിരെ സംസ്ഥാന സർക്കാർ അപ്പീൽ നൽകാത്തതിനെ സുപ്രീം കോടതി വിമർശിച്ചതായുള്ള വാർത്ത ശരിയാണെന്ന അഭിപ്രായമുണ്ടോ; | (എ) ഇല്ല |
| (ബി) അപ്പീൽ സമർപ്പിക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ? | (ബി) വെടിവെപ്പിൽ കൊല്ലപ്പെട്ടവരുടെ കുടുംബാംഗങ്ങൾ കപ്പൽ ഉടമയ്ക്കും നാവികർക്കുമെതിരെ സമർപ്പിച്ച നഷ്ട പരിഹാര ഹർജിയിലാണ് ഇറ്റാലിയൻ സർക്കാരുമായി ഒപ്പുവെച്ച കരാർ ഹാജരാക്കിയത്. ഇത് സർക്കാർ കക്ഷിയല്ലാത്ത ഒരു സിവിൽ കേസായതിനാൽ കരാറിന്റെ നിയമസാധുതയെക്കുറിച്ച് ആക്ഷേപം ഉന്നയിക്കുന്നതിന് സാഹചര്യം ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ